I ഇ.ബി. XV- കേരള നിയമസഭ/XII-4

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഒക്ടോബർ 10, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

12 (*91) പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സമഗ്ര ശിക്ഷാ കേരള, കൈറ്റ് എന്നിവയുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, 'വിദ്യാകിരണം', "ശ്രദ്ധ", 'സഹ്യകിരണം' തുടങ്ങിയ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിനായി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)-യുടെ നേതൃത്വത്തിൽ

പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതും 2, 4, 6, 8, 10 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2025 ജൂൺ മാസത്തോടുകൂടി ലഭ്യമാക്കുന്നതുമാണ്. മാറിയ പാഠ്യപദ്ധതിക്കനുസരിച്ച് അധ്യാപക പരിശീലന പരിപാടികളും അധ്യാപനശേഷി വർദ്ധിപ്പിക്കുന്നതിനായി ക്ലസ്റ്ററുകളും ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുള്ളതുകൂടാതെ വിദ്യാഭ്യാസ പ്രവർത്തകർക്ക് മാനേജ്മെന്റ് വിഷയങ്ങളിലും ലീഡർഷിപ്പിലും അനുബന്ധ മേഖലകളിലും വിദഗ്ദ്ധ പരിശീലനം നൽകുകയും പുതുതായി സർവീസിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് ഏഴുദിവസത്തെ റസിഡൻഷ്യൽ പരിശീലന പരിപാടി നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 45000 സെക്കൻഡറി/ഹയർ സെക്കൻഡറി വിഭാഗം ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും നവകേരളം കർമ്മപദ്ധതിയിലുൾപ്പെടുത്തി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ, കുട്ടികൾക്കുള്ള പ്രത്യേക ഐ.സി.ടി. അവബോധ ക്ലാസുകൾ, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവ എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുംവിധം

നടപ്പിലാക്കുന്നുണ്ട്. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, പ്യാരി ഉറുദു, അഹ് ലൻ അറബിക്, സംസ്കൃത മാധുരി, സുരീലി ഹിന്ദി, ശാസ്ത്രപഥം, ഗണിത വിജയം, ഭൂമിശാസ്ത്ര ലാബുകൾ തുടങ്ങിയ പദ്ധതികൾ നടപ്പാക്കി കുട്ടികളിൽ ഭാഷ, ശാസ്ത്രം, ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്നിവയിൽ കഴിവ് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പഠന പരിപോഷണ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ അധിക പഠന സഹായി 8 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സഹായകരമായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി നിരവധി പാഠ്യാനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കൻഡറി മേഖലയിൽ 4201-ഉം വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 110-ഉം അധ്യാപക നിയമനങ്ങളും വിദ്യാലയങ്ങളിൽ 5000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. 26.19 ലക്ഷം കുട്ടികൾക്ക് ഗുണമേന്മയുള്ള ഉച്ചഭക്ഷണം നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷം 652 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ രചനയും ചിത്രങ്ങളും ഉൾപ്പെടുത്തി കാലോചിതമായ മാറ്റങ്ങൾക്കനുസൃതമായും ലിംഗനീതിയിലധിഷ്ഠിതവുമായ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായുള്ള

ഡിജിറ്റൽ ഉള്ളടക്കവും മൂല്യനിർണ്ണയ രീതിയും സമഗ്രവും സുതാര്യവുമാക്കുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതാണെന്നും 5-ാം ക്ലാസുമുതൽ തൊഴിൽ പഠനം വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടെന്നും രക്ഷിതാക്കൾക്കുള്ള കൈപുസ്തകം തയ്യാറാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് 8-ാം ക്ലാസുമുതൽ മിനിമം മാർക്ക് ഏർപ്പെടുത്തിയിട്ടുണ്ടെന്നും ദേശീയ മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് വർദ്ധിപ്പിക്കുന്നതിന് കീ ടു എൻട്രൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും വിദ്യാർഥികളുടെ കഴിവിനനുസരിച്ചുള്ള ലേണിങ് സംവിധാനമൊരുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*92) <u>വയനാട് ദുരന്തബാധിതർക്ക് പ്രത്യേക ടൗൺഷിപ്പ്</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, വയനാട് ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സുസ്ഥിരവും പരിസ്ഥിതിക്ക് അനുയോജ്യവുമായ സംവിധാനങ്ങൾ ഉൾപ്പെട്ട മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ

ഭൂമിയും എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലാണെന്നും സഭയെ അറിയിച്ചു. ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെയും വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന കുടുംബങ്ങളെയും ഒന്നും രണ്ടും ഘട്ടങ്ങളിലായി പുനരധിവസിപ്പിക്കുന്നതിന് ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന വീടുകൾ സുരക്ഷിത സ്ഥലത്തും ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നവിധം മുമ്പ് താമസിച്ചിരുന്ന സ്ഥലത്തിന് അടുത്തും ഉപജീവനത്തിന് അനുയോജ്യമായതും ആയിരിക്കണമെന്ന അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്താണ് പുനരധിവാസത്തിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ആന്തരിക റോഡുകൾ, അങ്കണവാടി, സ്കൂൾ, പോസ്റ്റ് ഓഫീസ്, ആരോഗ്യ ക്ലിനിക്, മാലിന്യ സംസ്കരണ മേഖല, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ എന്നിവ അടക്കമുള്ള നിർദ്ദിഷ്ട ടൗൺഷിപ്പിന്റെ മാതൃക, layout എന്നിവ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും ദുരന്തബാധിതർ സ്വന്തം നിലയിൽ ഭൂമിയും വീടും കണ്ടെത്തി താമസിക്കുന്നതിന് സഹായം ആവശ്യപ്പെട്ടാൽ

ആയത് പ്രത്യേകം പരിശോധിച്ച് നിയമപ്രകാരമുള്ള തീരുമാനം കൈക്കൊള്ളുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. പുനരധിവാസത്തിന് വീടുകൾ നിർമ്മിച്ചുനൽകാമെന്ന സന്നദ്ധ സംഘടനകളുടെ വാഗ്ദാനം സംബന്ധിച്ച് ചർച്ച നടത്തി പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. ദുരന്തബാധിതർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്. ദുരന്ത മുന്നറിയിപ്പ് നൽകുന്നതിന് 'കവചം' എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 120 സ്ഥലങ്ങളിൽ സൈറണുകൾ, സ്ട്രോബ് ലൈറ്റുകൾ എന്നിവ സ്ഥാപിച്ച് ആദ്യഘട്ട പരിശീലനം നൽകിയിട്ടുണ്ടെന്നും പുൽപ്പള്ളിയിൽ റഡാർ സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വയനാട് ദുരന്തത്തിൽ 254 പേർ മരണപ്പെട്ടിട്ടുണ്ടെന്നും കണ്ടെത്താനുള്ള 47 പേർക്കുവേണ്ടിയുള്ള തിരച്ചിൽ തുടരുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുകയുടെ കണക്ക് സുതാര്യമാണെന്നും ഡിസംബർ 31-നുള്ളിൽ ടൗൺഷിപ് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന തരത്തിലാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14 (*93) റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ നടപടി

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനായി സമഗ്രമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകൾ റണ്ണിംഗ് കോൺട്രാക്റ്റ് സംവിധാനത്തിലൂടെ ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നും മറ്റ് റോഡുകൾ കൃത്യമായി പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. കാലാവസ്ഥാ വ്യതിയാനംമൂലം ഭാഗികമായി കേടുപാടുണ്ടായ റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കാലവർഷത്തെത്തുടർന്ന് സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് സംഭവിച്ച കേടുപാടുകൾ/നാശനഷ്ടങ്ങൾ എന്നിവ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടുന്ന കമ്മിറ്റി പരിശോധിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും യൂട്ടിലിറ്റി പ്രവൃത്തികൾ പൂർത്തിയാകാത്ത ഇടങ്ങളിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ടതും കരാറുകാരെ ടെർമിനേറ്റ് ചെയ്തതുമായ

റോഡുകളിലും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ക്രമീകരണം ഏർപ്പെടുത്തുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് ഉദ്യോഗസ്ഥർ ഫീൽഡുതല പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. DLP ബോർഡുകൾ സ്ഥാപിച്ച് പരിപാലന കാലാവധി പരസ്യപ്പെടുത്തിയും റോഡിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ടെലിഫോൺ നമ്പറുകൾ പരസ്യപ്പെടുത്തിയും വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചും റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നുണ്ട്. പൊതുമരാമത്ത് റോഡുകളുടെ പുനർനിർമ്മാണ പ്രവൃത്തികൾക്കായി കണക്കാക്കിയ 852.78 കോടി രൂപ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. തെറ്റായ നിലപാട് സ്വീകരിച്ച 53 കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 49 കരാറുകാരുടെ ലൈസൻസ് റദ്ദാക്കുകയും 4 കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തലശ്ശേരി-മാനന്തവാടി റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ 59.64 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ നടന്നുവരികയാണെന്നും റീടെണ്ടർ

ചെയ്യപ്പെട്ട 206.91 കോടി രൂപയുടെ പ്രധാന പ്രവൃത്തി 2025 അവസാനത്തോടുകൂടി പൂർത്തീകരിക്കാനുള്ള ശ്രമം നടത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15 (*94) ഖാദർ കമ്മീഷൻ റിപ്പോർട്ട്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള ഖാദർ കമ്മീഷൻ സമർപ്പിച്ച 'മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം' സംബന്ധിച്ച റിപ്പോർട്ടുകൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. പ്രസ്തുത റിപ്പോർട്ടിലെ നടപ്പാക്കാനുദ്ദേശിക്കുന്ന നിർദേശങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട അധ്യാപക-അനധ്യാപക സംഘടനകളുമായി ചർച്ച നടത്തുന്നതാണ്. ഹൈസ്കൂൾ/ഹയർ സെക്കൻഡറിതല വിദ്യാഭ്യാസം ഏകീകരിക്കുന്നതിന്റെ ഭാഗമായി ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, സ്ക്കൂൾ തലങ്ങൾ ഒരു ഡയറക്ടറുടെ അധീനതയിൽ ആക്കിയിട്ടുണ്ടെന്നും ഏകീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി.